LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം പദ്ധതി

154(1411) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിഴിഞ്ഞം പദ്ധതിക്ക് തുടക്കം കുറിച്ചത് എന്നാണ് : ഏത് സർക്കാരാണ് ഈ പദ്ധതി തുടങ്ങാൻ തീരുമാനിച്ചത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ :

ഉത്തരം

1954-ൽ സർ സി. പി. രാമസ്വാമി അയ്യർ വിഭാവനം ചെയ്ത വിഴിഞ്ഞം തുറമുഖം എന്ന പദ്ധതി 1957-ൽ ഒരു fishing Harbour എന്ന രൂപത്തിൽ ആരംഭിച്ചു. അതിന്റെ നിർമ്മാണ പ്രവർത്തനം 1966-ൽ ആരംഭിച്ച് മന്ദഗതിയിൽ പുരോഗമിച്ച് 1000 മീറ്റർ ദൈർഘ്യമുള്ള പുലിമുട്ട് നിർമ്മാണത്തോടെ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്നു. എന്നാൽ വിഴിഞ്ഞം ആഴക്കടൽ തുറമുഖ പദ്ധതി പ്രവർത്തനങ്ങൾ 1995-ൽ നടപ്പിലാക്കുവാൻ ശ്രമിച്ചുവെങ്കിലും വിവിധ കാരണങ്ങളാൽ പദ്ധതി തുടങ്ങുവാൻ കഴിഞ്ഞില്ല. തുടർന്ന് 2005-ൽ സർക്കാർ ആഗോള ടെണ്ടർ ക്ഷണിച്ചുവെങ്കിലും ലഭിച്ച ടെണ്ടറിന് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചില്ല. 2007-ൽ വീണ്ടും ടെണ്ടർ വിളിച്ചുവെങ്കിലും പദ്ധതി നടത്തിപ്പിനുള്ള കമ്പനിയെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചുണ്ടായ കേസിനെ തുടർന്ന് നടപടികൾ പൂർത്തീകരിക്കാനായില്ല.

വിഴിഞ്ഞം തുറമുഖപദ്ധതിപ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിന് നടപടി

155(1412) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖപദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതിപ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ;

(ബി) പദ്ധതിപ്രദേശത്ത് ആദ്യഘട്ടത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി എത്തിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(സി) ഇതിനായി വൈദ്യുതി ബോർഡിന് മുൻകൂറായി എന്തു തുക നൽകേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഇതു സംബന്ധിച്ച് വൈദ്യുതി ബോർഡുമായി എന്തൊക്കെ കരാറുകളിൽ ഒപ്പിട്ടു എന്നറിയിക്കുമോ ;

(ഇ) പദ്ധതിപ്രദേശത്ത് പുതിയ ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(എഫ്) ഇതിനായി പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?